**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **17-09-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സംരംഭക സഹായ പദ്ധതി പ്രകാരം 71 സംരംഭകർക്ക് 137.96 ലക്ഷം രൂപയും പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി പ്രകാരം 243 സംരംഭകർക്ക് 540.86 ലക്ഷം രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 21 സംരംഭകർക്ക് 57.35 ലക്ഷം രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 66 സംരംഭകർക്ക് 12.44 ലക്ഷം രൂപയും പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് പദ്ധതി പ്രകാരം 70 സംരംഭകർക്ക് 111.19 ലക്ഷം രൂപയും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 201 സംരംഭകർക്ക് 1.96 ലക്ഷം രൂപയും ആശ (ASHA) പദ്ധതി പ്രകാരം 1 സംരംഭകന് 1.2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വ്യവസായ ഭദ്രത പദ്ധതി പ്രകാരം 8 സംരംഭകർക്ക് 0.42 ലക്ഷം രൂപയും നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി പ്രകാരം 11 സംരംഭകർക്ക് 0.96 ലക്ഷം രൂപയും അനുവദിച്ചു. ഇത്തരത്തിൽ, 692 വ്യവസായ സംരംഭകർക്ക് ആകെ 864.34 ലക്ഷം രൂപ കായംകുളം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന വിവിധ പദ്ധതികളിലൂടെ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ